"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - നവംബർ 18 മുതൽ ഡിസംബർ 24 വരെ നവകേരള സദസ്സ് സംഘടിപ്പിക്കുന്നതിനുള്ള തുടർ മാർഗ്ഗ നിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.4887/2023/GAD തീയതി,തിരുവനന്തപുരം, 27-10-2023

---

പരാമർശം:-

1. സ.ഉ(കൈ)152/2023./പൊഭവ തീയതി, 29.09.2023
2. സ.ഉ(കൈ158/2023/പൊഭവ തീയതി, 30.09.2023
3. സ.ഉ(സാധാ)4661/2023/പൊഭവ തീയതി, 16.10.2023

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ നവംബർ 18 മുതൽ ഡിസംബർ 24 വരെ സംഘടിപ്പിക്കുന്ന നവകേരള സദസ്സ് സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശ 3 പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ വിജയകരമായി നടത്തിപ്പിനായി താഴെപ്പറയും പ്രകാരം തുടർ മാർഗ്ഗ നിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>പരാതികൾ സ്വീകരിക്കുന്നതിനുള്ള ക്രമീകരണം</u>**

നവകേരള സദസ്സ് നടക്കുന്ന സ്ഥലങ്ങളിൽ പൊതുജനങ്ങളിൽ നിന്ന് പരാതികൾ സ്വീകരിക്കുന്നതിനുവേണ്ട ക്രമീകരണം ഉണ്ടാകേണ്ടതാണ്. എല്ലാ സ്ഥലങ്ങളിലും പൊതുവായ ക്രമീകരണം ഒരുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. പരാതികൾ വാങ്ങുന്നതിന് ശാസ്ത്രീയമായ രീതിയിൽ സംവിധാനം ഒരുക്കേണ്ടതാണ്. പരാതികൾ സമർപ്പിക്കുന്നവർക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധം പ്രധാന പന്തലിൽ നിന്ന് മാറിയായിരിക്കണം ഇതിനുള്ള പന്തൽ ഒരുക്കേണ്ടത്. പരാതികൾ സ്വീകരിച്ച് കൈപ്പറ്റ് രസീത് നൽകുന്നതിനുവേണ്ടി ആവശ്യമായ പൊതു കൗണ്ടറുകളും, സ്ത്രീകൾക്കും, വിഭിന്നശേഷിയുള്ളവർക്കും, മുതിർന്ന പൗരൻമാർക്കും, പ്രത്യേകം പ്രത്യേകം കൗണ്ടറുകളും, കുടിവെള്ളം, ശൗചാലയം, പ്രാഥമിക വൈദ്യസഹായം മുതലായവയ്ക്ക് വേണ്ട സൗകര്യങ്ങളും ഒരുക്കേണ്ടതും സഹായത്തിന് ആവശ്യത്തിന് ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ടതുമാണ്. ഈ പറഞ്ഞ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് അതാത് ജില്ലാ കളക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.

(ഇതു സംബന്ധിച്ച പൊതു മാർഗ്ഗനിർദ്ദേശങ്ങൾ ബഹു.മുഖ്യമന്ത്രിയുടെ Officer on Special Duty തയ്യാറാക്കേണ്ടതാണ്).

വിവിധ സദസ്സുകളിൽ ലഭിക്കുന്ന പരാതികളിൽ ജില്ലാതലങ്ങളിൽ പരിശോധിക്കേണ്ട പരാതികൾ അതാത് ജില്ലാ കളക്ടർമാർക്കും, സംസ്ഥാനതലത്തിൽ പരിശോധിക്കേണ്ട പരാതികൾ അതാത് വകുപ്പ സെക്രട്ടറിമാർക്കും ഒരാഴ്ച്ചക്കം കൈമാറേണ്ടതാണ്. എല്ലാ കളക്ടേറ്റുകളിലും ഇതിനായി പ്രത്യേകം സെല്ലുകൾ പ്രവർത്തിപ്പിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ OSD ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകേണ്ടതാണ്.

**<u>സദസ്സ്/വേദി</u>**

ഓരോ സദസ്സിലും വലിയ തോതിലുള്ള ബഹുജനപങ്കാളിത്തം ഉണ്ടാകണം. കുറഞ്ഞത് 5000 പേർക്കെങ്കിലും ഇരിക്കാൻ കഴിയുംവിധം കസേരകൾ ഉണ്ടായിരിക്കണം. ഇവരെ ഉൾക്കൊള്ളിക്കാൻ കഴിയുംവിധം പന്തൽ തയ്യാറാക്കേണ്ടതാണ്. ഇവർക്ക് അതാതു സദസ്സുകളിൽ എത്തിച്ചേരുന്നതിനാവശ്യമായ യാത്രാസൗകര്യം പൊതുവായി അതാത് ജില്ലാഭരണകൂടം

ക്രമീകരിക്കേണ്ടതാണ്.

നവകേരള സദസ്സ് നടക്കുന്ന വേദിയിൽ ബഹു.മുഖ്യമന്ത്രി, ബഹു.മന്ത്രിമാർ, സംഘാടക സമിതി അദ്ധ്യക്ഷൻ, കൺവീനർ, എം.എൽ.എ,എം.പി, മറ്റു ജനപ്രതിനിധികൾ, ജില്ലാ കളക്ടർ, മറ്റു സംസ്ഥാനതല ഉദ്യോഗസ്ഥർ എന്നിവർക്ക് ഇരിപ്പിടം ഒരുക്കേണ്ടതാണ്. വേണമെങ്കിൽ വേദിയിൽ ടൗവർ AC ക്രമീകരിക്കണം.

<u>**ചെലവ്**</u>

നവകേരള സദസ്സ് സംഘടിപ്പിക്കുന്നതിനാവശ്യമായ ചെലവ് വഹിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ചെലവിടാനുള്ള permissive sanction തദ്ദേശ സ്വയംഭരണ വകുപ്പ് നൽകേണ്ടതാണ്. സഹകരണ ബാങ്കുകൾക്കും, മറ്റു സഹകരണ സ്ഥാപനങ്ങൾക്കും ഇതിനുവേണ്ടി ചെലവ് ചെയ്യുന്നതിന് സഹകരണ വകുപ്പ് permissive sanction നൽകേണ്ടതാണ്.

നവകേരള സദസ്സിന്റെ പേരിൽ യാതൊരുവിധമായ പണപിരിവും പാടില്ല. ഇതുമായി ബന്ധപ്പെട്ട് കൂപ്പണുകൾ അച്ചടിക്കുവാൻ പാടില്ല. ജില്ലാ ഭരണകൂടങ്ങൾക്ക് സ്പോൺസർമാരെ കണ്ടെത്തിയും പരസ്യത്തിലൂടെയും പണം സമാഹരിക്കാവുന്നതാണ്. ഇതിന് പ്രാദേശികമായ സഹകരണം ഉറപ്പുവരുത്തേണ്ടതാണ്.

<u>**താമസസൗകര്യം**</u>

ബഹു.മുഖ്യമന്ത്രിയ്ക്കും, മന്ത്രിമാർക്കും കഴിയുന്നത്ര സർക്കാർ സംവിധാനങ്ങൾ ഉപയോഗിച്ച് താമസസൗകര്യം ഒരുക്കേണ്ടതാണ്. ബഹു.മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും കൂടെ പരമാവധി 3 സ്റ്റാഫുകൾക്ക് അവരെ അനുഗമിക്കാവുന്നതാണ്. താമസ സൗകര്യം എവിടെയെല്ലാമാണ് ഒരുക്കിയിരിക്കുന്നതെന്ന് പ്രാദേശിക സമിതി മുൻകൂട്ടി അറിയിക്കേണ്ടതാണ്. ബഹു.മുഖ്യമന്ത്രിയ്ക്കും, മന്ത്രിമാർക്കും താമസസ്ഥലങ്ങളിൽ തന്നെ കളക്ടർമാർ സംഘാടകസമിതിയുമായി കൂടിയാലോചിച്ച് ഭക്ഷണം ഒരുക്കേണ്ടതാണ്. മറ്റുള്ളവർക്ക് സൗകര്യാനുസരണം ഭക്ഷണം ഒരുക്കേണ്ടതാണ്. ഇതിനുള്ള സജ്ജീകരണം ജില്ലാ ഭരണത്തിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്തസഹായത്തോടെ പ്രാദേശികസമിതി ഒരുക്കേണ്ടതാണ്. ഉച്ചഭക്ഷണം 3 മണിയുടെ പരിപാടി നടക്കുന്ന സ്ഥലത്ത് പ്ലാൻ ചെയ്യണം.

<u>**യാത്രാസൗകര്യം**</u>

നവകേരള സദസ്സിൽ പങ്കെടുക്കുന്നതിനായി മുഖ്യമന്ത്രി/മന്ത്രിമാരുടെ ഔദ്യോഗിക വാഹനങ്ങൾക്ക് പകരം ഇതിനുവേണ്ടി സജ്ജീകരിക്കുന്ന കെ.എസ്.ആർ.റ്റി.സി-യുടെ പ്രത്യേക കോച്ചുകൾ ഉപയോഗിക്കേണ്ടതാണ്. ഇതുകൂടാതെ ഓരോ ജില്ലയിലും ജില്ലാ ആസ്ഥാനങ്ങളിൽ വിനോദ സഞ്ചാര വകുപ്പ് 5 വാഹനങ്ങൾ വീതം എപ്പോൾ വേണമെങ്കിലും ഉപയോഗപ്പെടുത്തക്കവിധം തയ്യാറാക്കിനിർത്തേണ്ടതാണ്.

<u>**കലാപരിപാടികൾ -സമയക്രമം**</u>

വേദികളിൽ നടത്തുന്ന കലാപരിപാടികൾ യോഗം ആരംഭിക്കുന്നതിന് 20 മിനിട്ട് മുമ്പായി അവസാനിപ്പിക്കുകയും സുരക്ഷാ പരിശോധനയ്ക്ക് വേണ്ടി പോലീസിന് കൈമാറാൻ വേണ്ട സൗകര്യം ചെയ്യേണ്ടതുമാണ്.

<u>**വേദി-അലങ്കാരം**</u>

വേദിയിലെ അലങ്കാരങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ പിന്നീട് തീരുമാനിക്കുന്നതാണ്. ഇതിനുള്ള ക്രമീകരണം ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം സംഘാടകസമിതിയ്ക്കാണ്. നവകേരള സദസ്സിന്റെ Logo പിന്നീട് പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് വേദിയിൽ പ്രദർശിപ്പിക്കേണ്ടതാണ്. ലോഗോ അടങ്ങിയ കൊടികൾ അതത്

സ്ഥലത്തുതന്നെ തയ്യാറാക്കേണ്ടതാണ്. ആകർഷകമായ രീതിയിൽ സ്റ്റേജിലെ back drop തയ്യാറാക്കേണ്ടതാണ്.

**<u>സംവാദം</u>**

നവകേരള സദസ്സിന്റെ ഭാഗമായി സ്ഥലത്തെ പ്രമുഖ വ്യക്തികളുമായി സംവാദം ഉണ്ടായിരിക്കും. സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ നിന്നുള്ള 250-ൽ കവിയാത്ത വ്യക്തികളെ ഇതിൽ പങ്കെടുപ്പിക്കേണ്ടതാണ്. എല്ലാ ക്ഷണിതാക്കൾക്കും പ്രത്യേകം കത്തുകൾ അയക്കുന്നതാണ്. ഇതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പിന്നീട് നൽകുന്നതാണ്.

ഓരോ മണ്ഡലത്തിലെയും സ്വീകരണ കേന്ദ്രം, ഭക്ഷണം ഏത് സ്ഥലത്താണെന്നുള്ള കാര്യം ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കി മുൻകൂട്ടി നൽകേണ്ടതാണ്. ആദ്യാവസാനം ഉപയോഗിക്കുന്ന വാഹനങ്ങളിൽ ലോഗോ ഉൾപ്പെടെ പ്രത്യേകം ഡെക്കറേറ്റ് ചെയ്യണം.

പോലീസിന്റെ പൈലറ്റ് വാഹനം, ബാന്റ് സെറ്റ്, ഗായകസംഘം, എൽ.ഇ.ഡി വാളിൽ നവകേരള സന്ദേശം തുടങ്ങിയവ ആകർഷകമായ നിലയിൽ സജ്ജമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറിമാർക്കും
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ,(ആഡിറ്റ് റാ കേരള, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം

സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

(ഓദ്യോഗിക വെബ് സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിനായി

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ./ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sreekumar T
Date: 27-10-2023 17:04:57

സ.ഉ.(സാധാ) നം.4887/2023/GAD

പകർപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
ചീഫ് സെക്രട്ടറിയുടെ OSD/സ്റ്റാഫ് ഓഫീസർക്ക്